# മഹാത്മാഗാന്ധി സർവകലാശാല

(സംഗ്രഹം)

റൂസ പദ്ധതി - സഹായത്തോടെ ക്യാമ്പസിൽ നടപ്പിലാക്കുന്ന ക്യാമ്പസ് വൈഫൈ മറ്റു അനുബന്ധ ഐ.റ്റി. പദ്ധതികളുടെ നടത്തിപ്പ് സംബന്ധിച്ച് ഫിനാൻസ് കമ്മിറ്റി ഒന്നാം ഘട്ടമായി നടപ്പിലാക്കാൻ ശുപാർശ ചെയ്ത പദ്ധതി അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

ആസൂത്രണവും വികസനവും III – സെക്ഷൻ

നം. 6172/പി & ഡി-3/2/2017/ ഭരണവിഭാഗം    തീയതി. പി.ഡി.ഹിൽസ് – 21.10.2017

പരാമർശം:- 1) യു.ഒ.നം. 2290/പി & ഡി-3/1/2017/ഭരണവിഭാഗം തീയതി 25.04.2017
2) 25.09.2017-ന് കൂടിയ ക്യാമ്പസ് വൈഫൈ മറ്റു അനുബന്ധ ഐ.റ്റി. പദ്ധതികളുടെ ഫിനാൻസ് കമ്മിറ്റിയുടെ അംഗീകരിച്ച മിനിറ്റ്സ്.
3) യു.ഒ.നം. 5907/പി & ഡി-3/2/2017/ഭരണവിഭാഗം തീയതി 05.10.2017
4) 17.10.2017 തീയതിയിൽ കൂടിയ സിൻഡിക്കേറ്റ് യോഗത്തിന്റെ മിനിറ്റ്സ് ഇനം നം. 148/17.13/172292

## ഉത്തരവ്

റൂസ ധനസഹായത്തോടെ ക്യാമ്പസിൽ ₹ 4,95,21,850/- (നാല് കോടി തൊണ്ണൂറ്റിയഞ്ച് ലക്ഷത്തി ഇരുപത്തിയൊന്നായിരത്തി എണ്ണൂറ്റിയൻപത് രൂപ മാത്രം) പദ്ധതിയടങ്കലായി ക്യാമ്പസിൽ വൈഫൈ മറ്റു അനുബന്ധ ഐ.റ്റി. പദ്ധതികൾ നടപ്പിലാക്കുന്നതിന് ഇ-ടെൻഡർ പുറപ്പെടുവിച്ച നടപടി പരാമർശം (1) പ്രകാരം അംഗീകരിച്ചിട്ടുള്ളതാണ്.

പ്രസ്തുത ഇ-ടെൻഡർ പ്രകാരം ആകെ ലഭിച്ച രണ്ടു ടെൻഡറുകളിൽ കേരള സംസ്ഥാന സർക്കാരിന്റെ കീഴിലുള്ള പൊതുമേഖല സ്ഥാപനമായ M/s കെൽട്രോൺ സമർപ്പിച്ച ടെൻഡർ മാത്രമേ സാധുവായി ഉണ്ടായിരുന്നുള്ളൂ.

പൊതുമേഖലാ സ്ഥാപനമെന്ന നിലയിൽ പ്രസ്തുത ടെൻഡറിന്റെ ടെക്നിക്കൽ ഫിനാൻഷ്യൽ ബിഡുകളും പരിശോധിക്കുന്നതിന് ബഹു. വൈസ് ചാൻസലർ ഉത്തരവായിരുന്നു. ഇതിനായി രൂപീകരിച്ച സമിതികൾ ബിഡുകൾ പരിശോധിക്കുകയും ടെക്നിക്കൽ ബിഡ് അംഗീകരിക്കാവുന്നതാണെന്ന് ശുപാർശ ചെയ്തിരുന്നു.

M/s കെൽട്രോൺ സമർപ്പിച്ച പ്രൊപ്പോസലിൽ പദ്ധതിയുടെ ആകെ ചെലവ് നികുതികൾ ഉൾപ്പെടെ ₹ 6,32,06,160/- രൂപ (ആറ് കോടി മുപ്പത്തി രണ്ട് ലക്ഷത്തി ആറായിരത്തി നൂറ്റിയറുപത് രൂപ മാത്രം) ആയിരുന്നു.

ഫിനാൻഷ്യൽ ബിഡ് പരിശോധിക്കുന്നതിനുള്ള കമ്മിറ്റി, നിരക്കുകൾ സംബന്ധിച്ച് M/s കെൽട്രോണുമായി നെഗോസിയേഷൻ നടത്തുന്നതിന് തീരുമാനിച്ചിരുന്നു. നെഗോസിയേഷന് ശേഷം M/s കെൽട്രോൺ താഴെപ്പറയുന്ന കാര്യങ്ങൾ അംഗീകരിച്ചു.

1) ജി.എസ്.റ്റി. നടപ്പിലാക്കിയതു മൂലം പദ്ധതി നടത്തിപ്പിൽ 15% - ൽ നിന്നും 18% -മായി ഉയർന്ന നികുതി നിരക്കുകളിൽ അധികമായി വരുന്ന നികുതി ബാധ്യതകൾ കമ്പനി വഹിക്കുന്നതാണ്.

2) ഇതു കൂടാതെ മൊത്തം പദ്ധതി ചെലവായി M/s കെൽട്രോൺ കണക്കാക്കിയിരുന്ന തുകയിൽ 2.5% - ന്റെ കിഴിവ് നൽകുന്നതാണ്.

ഇതു പ്രകാരം പുതിയ പദ്ധതി ചെലവ് ₹ 6,16,26,006/- രൂപ (ആറ് കോടി പതിനാറ് ലക്ഷത്തി ഇരുപത്തിയാറായിരത്തി ആറ് രൂപ മാത്രം) ആയിരിക്കും.

16.09.2017-ന് കൂടിയ റൂസ അവലോന സമിതി യോഗം മേൽ പറഞ്ഞ പദ്ധതി ചെലവ് പദ്ധതിക്കായി അനുവദനീയമായ തുകയെക്കാൾ ₹ 1,21,04,156/- രൂപ (ഒരു കോടി ഇരുപത്തിയൊന്ന് ലക്ഷത്തി നാലായിരത്തി നൂറ്റിയമ്പത്തിയാറ് രൂപ മാത്രം) അധികമാണെന്ന് വിലയിരുത്തുകയും ഈ

(മറുപുറം....)

തുകയെ പദ്ധതിക്കായി ലഭ്യമായിട്ടുള്ള പരിധിയിലേക്ക് ചുരുക്കി (പദ്ധതിയുടെ ചില ഭാഗങ്ങൾ ആവശ്യമെങ്കിൽ ഒഴിവാക്കി) റിപ്പോർട്ട് സമർപ്പിക്കുന്നതിന് ഈ പദ്ധതിയുടെ ടെൻഡർ പരിശോധിക്കുന്നതിനുള്ള ഫിനാൻസ് കമ്മിറ്റിയെ ചുമതലപ്പെടുത്തി.

മേൽ ഫിനാൻസ് കമ്മിറ്റി സൂചന (2) പ്രകാരം 25.09.2017-ന് യോഗം ചേരുകയും താഴെപ്പറയുന്ന ശുപാർശകൾ നൽകുകയും ചെയ്തു.

1. ക്യാമ്പസ് വൈഫൈ, ഇ-ലേണിംഗ് സപ്പോർട്ട് സെന്റർ (സ്മാർട്ട് ക്ലാസ് റൂം) എന്നീ പദ്ധതികൾ വിദ്യാർത്ഥികൾക്ക് ഏറ്റവും പ്രയോജനകരമായ പദ്ധതികൾ എന്ന നിലയിൽ, സ്മാർട്ട് ക്ലാസ് റൂമുകളുടെ എണ്ണത്തിൽ കുറവു വരുത്താതെ വൈഫൈ പദ്ധതി ഒന്നാം ഘട്ടമായി നടപ്പിലാക്കേണ്ടതാണ്.

2. സ്റ്റുഡന്റ് അമ്നറ്റീസ് സെന്റർ, ലൈബ്രറി അനക്സ് എന്നീ കെട്ടിടങ്ങളുടെ നിർമ്മാണം പൂർത്തിയാക്കുന്ന മുറയ്ക്ക് മാത്രം നടപ്പിലാക്കാൻ കഴിയുന്ന;
   എ) സെമിനാർ ഹാൾ/കൺട്രോൾ റൂം എക്യുപ്മെന്റ്സ്
   ബി) വീഡിയോ എഡിറ്റ് സ്യൂട്ട്
   സി) എ3 സ്കാനർ & റിലേറ്റഡ് എക്യുപ്മെന്റ്സ്
   എന്നീ പ്രോജക്ടുകൾ രണ്ടാം ഘട്ടമായി നടപ്പിലാക്കേണ്ടതാണ്.

3. വൈഫൈ പദ്ധതിയിലെ ആന്റിനകളുടെ എണ്ണം, വിദ്യാർത്ഥികളുടെ കണക്ടിവിറ്റിക്ക് കുറവുണ്ടാക്കാത്തവിധം ഒന്നാം ഘട്ടത്തിൽ 100-ൽ നിന്നും 60 ആയി കുറവു വരുത്താവുന്നതാണ്.

4. മേൽ പ്രകാരം പദ്ധതിയെ രണ്ടു ഘട്ടങ്ങളായി നടപ്പാക്കുമ്പോൾ ഒന്നാം ഘട്ടം വൈഫൈ & ലേണേഴ്സ് സപ്പോർട്ട് സെന്റർ (സ്മാർട്ട് ക്ലാസ് റൂം) പദ്ധതിയുടെ നടത്തിപ്പ് ചെലവ് ₹ 4,97,12,375/- (നാല് കോടി തൊണ്ണൂറ്റിയേഴു ലക്ഷത്തി പന്ത്രണ്ടായിരത്തി മുന്നൂറ്റി എഴുപത്തിയഞ്ച് രൂപ മാത്രം) രൂപയായിരിക്കും. കുറവു വരുത്തിയ പദ്ധതികൾ രണ്ടാം ഘട്ടമായി നടപ്പാക്കാനുള്ള നടത്തിപ്പ് ചെലവ് നിലവിലെ നിരക്കുകൾ പ്രകാരം ₹ 1,19,13,631/- രൂപ (ഒരു കോടി പത്തൊമ്പത് ലക്ഷത്തി പതിമൂന്നായിരത്തി അറുനൂറ്റി മുപ്പത്തിയൊന്ന് രൂപ മാത്രം) ആയിരിക്കും.

5. രണ്ടാം ഘട്ട പദ്ധതി നടപ്പാക്കുന്നതിന് റൂസ ഫണ്ടിൽ നിന്നും തുക ലഭ്യമായിരിക്കുകയില്ല. അതിനായി സർവകലാശാലയുടെ തനതു വർഷത്തെ പ്ലാൻ ഫണ്ടിൽ നിന്നും പണം കണ്ടെത്തേണ്ടതായി വരും.

സൂചന (3) പ്രകാരം മേൽ ശുപാർശകൾ അംഗീകരിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ ക്യാമ്പസ് വൈഫൈ അനുബന്ധ പദ്ധതികൾ മേൽ ശുപാർശകളുടെ അടിസ്ഥാനത്തിൽ നടപ്പിലാക്കുന്നതിന് കമ്മിറ്റിയുടെ റിപ്പോർട്ട് സഹിതം ഫയൽ (നം. പി & ഡി-3/1/15809/2017/ഭരണവിഭാഗം(സബ്ഫയൽ)) സിൻഡിക്കേറ്റിൽ സമർപ്പിക്കുന്നതിന് ശുപാർശ ചെയ്യുകയും ചെയ്തിരുന്നു. മേൽ ശുപാർശ ചെയ്യുകയും 05.10.2017 തീയതിയായി ഫയൽ ഉത്തരവ് പ്രകാരം ബഹു. വൈസ് ചാൻസലർ അംഗീകരിച്ചിരുന്നു.

17.10.2017-ന് കൂടിയ സിൻഡിക്കേറ്റ് യോഗത്തിന്റെ മിനിറ്റ്സ് ഇനം. നം. 148/17.13/172292 പ്രകാരം ക്യാമ്പസ് വൈഫൈ & അനുബന്ധ പദ്ധതികൾ 25.09.2017-നു കൂടിയ ബിഡുകൾ പരിശോധിക്കുന്നതിനുള്ള ഫിനാൻസ് കമ്മിറ്റിയുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ രണ്ടു ഘട്ടമായി നടപ്പിലാക്കുന്നതിനും M/s കെൽട്രോൺ സമർപ്പിച്ച റിവൈസ്ഡ് ബിഡിന്റെ അടിസ്ഥാനത്തിൽ ഫിനാൻസ് കമ്മിറ്റി ഒന്നാം ഘട്ടമായി നടപ്പിലാക്കാൻ ശുപാർശ ചെയ്ത ₹ 4,97,12,375/- (നാല് കോടി

തൊണ്ണൂറ്റിയേഴു ലക്ഷത്തി പന്ത്രണ്ടായിരത്തി മുന്നൂറ്റി എഴുപത്തിയഞ്ച് രൂപ മാത്രം) രൂപയുടെ പദ്ധതി അംഗീകരിച്ച്, M/s കെൽട്രോൺ മുഖേന പദ്ധതി നടപ്പിലാക്കുന്നതിനും തീരുമാനിച്ചു.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഒപ്പ്
തുളസീലാൽ ആർ.എൻ
ഡെപ്യൂട്ടി രജിസ്ട്രാർ (പി & ഡി)
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്:

1. വി.സി/പി.വി.സി എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിമാർ
2. രജിസ്ട്രാർ/ഫിനാൻസ് ഓഫീസർ എന്നിവരുടെ പേഴ്സനൽ അസിസ്റ്റന്റുമാർ
3. ജോയിന്റ് രജിസ്ട്രാർ-1 (ഭരണവിഭാഗം)
4. ജോയന്റ് രജിസ്ട്രാർ (ഫിനാൻസ്)
5. ശ്രീ. മധു വി.റ്റി., (ഏകോപനാധികാരി, ഐ.റ്റി. സെൽ)
6. ശ്രീ. ഹരികൃഷ്ണൻ എം.വി. (സിസ്റ്റം മാനേജർ ഇൻ-ചാർജ്ജ്)
7. ഫിനാൻസ് I,IV/ഓഡിറ്റ് I/ അക്കൗണ്ട്സ് V
8. എ.സി.സി. സെക്ഷൻ/എ.ഡി.ഡി. സെക്ഷൻ
9. ജോയിന്റ് ഡയറക്ടർ, കെ.എസ്.എ.ഡി.
10. റെക്കോർഡ്സ് സെക്ഷൻ/ജനറൽ കാഷ്
11. സി.എം.സ്
12. എസ്.എഫ്/എഫ്.സി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

ഫയൽ നം: പി & ഡി- 3/1/15809/2017/ഭരണവിഭാഗം (സബ് ഫയൽ)